**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1685** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഏൺ വൈൽ യു ലേൺ പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ. പ്രേംകുമാർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആരംഭിച്ചിട്ടുള്ള പരിഷ്കാരങ്ങളുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യവും വരുമാന സാധ്യതയും ലക്ഷ്യം വച്ചുകൊണ്ടുള്ള ഏൺ വൈൽ യു ലേൺ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | പഠനത്തോടൊപ്പം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും അതിലൂടെ വിദ്യാർത്ഥികൾക്ക് സമ്പാദ്യശീലം വളർത്തുകയും എന്ന ലക്ഷ്യത്തോടെ 2021-22 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണ് ഏൺ വൈൽ യു ലേൺ. പ്രസ്തുത പദ്ധതി പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് 26 കോളേജുകൾക്കായി പ്രസ്തുത സാമ്പത്തിക വർഷം 1,21,80,953/- രൂപ അനുവദിച്ചു നൽകിയിരുന്നു. പഠനത്തോടൊപ്പം വരുമാനം എന്ന ആശയം അടിസ്ഥാനമാക്കി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തെരഞ്ഞെടുത്ത പോളിടെക്നിക് കോളേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രൊഡക്ഷൻ & ട്രെയിനിങ് സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.<br><br>എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും, തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും ടെക്നോളജി ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. നിലവിൽ 46 യൂണിറ്റുകളും 40 പ്രീ ഇൻകുബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായുണ്ട്. 50 ലേറെ യൂണിറ്റുകൾ Gestation period പൂർത്തിയാക്കി. സ്ഥാപനങ്ങളോടനുബന്ധിച്ച് വ്യവസായ സംരംഭങ്ങൾ രൂപകൽപന ചെയ്യാനുദ്ദേശിക്കുന്നു. തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ദ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭദശയിലാണ്. ഈ പദ്ധതിയും പഠനത്തോടൊപ്പം വരുമാനം എന്ന |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിട്ടുള്ളതാണ്. ASAP ന്റെ നേതൃത്വത്തിൽ വിവിധ പോളിടെക്നിക്കുകളിൽ ഇതുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) | ഇ.ഡബ്ല്യു.വൈ.എൽ. പദ്ധതിയെ കുറിച്ച് വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടെയും പ്രതികരണങ്ങളും അഭിപ്രായങ്ങളും ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്താമോ; | (ബി) | പഠനത്തോടൊപ്പം വരുമാനം ലഭിക്കുന്ന ജോലികൾ ചെയ്യാൻ താൽപര്യമുള്ളവർ അറിയിക്കണമെന്ന വകുപ്പിന്റെ നിർദ്ദേശത്തോട് വിദ്യാർത്ഥികൾ നൽകിയ പ്രതികരണത്തിന്റെ അടിസ്ഥാനത്തിലാണ് ഏൺ വൈൽ യു ലേൺ പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി നടപ്പിലാക്കിയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ, അധ്യാപകർ, മറ്റു സഹകാരികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങൾ ആരായുകയും പദ്ധതി നടത്തിപ്പിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ വ്യവസായ പ്രമുഖർ, സാങ്കേതിക വിദഗ്ദ്ധർ എന്നിവരിൽ നിന്നും സമയാസമയങ്ങളിൽ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അതിനായി നടപ്പുവർഷം നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശവും അറിയിക്കുമോ; | (സി) | കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം എല്ലാ കോളേജുകളിലും അടുക്കള തോട്ടം നിർമ്മിക്കുന്നതിനായി 10,000/- രൂപ വീതം അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ കോളേജുകളിൽ ഫ്രീഡം വാൾ ഏൺ വൈൽ യു ലേൺ പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. ഏൺ വൈൽ യു ലേൺ പദ്ധതിക്കു വേണ്ടി Student Support Welfare Outreach എന്ന ശീർഷകത്തിൽ നിന്നുമാണ് തുക അനുവദിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം 600ലക്ഷം രൂപയാണ് ടി ശീർഷകത്തിൽ അനുവദിച്ചിട്ടുള്ളത്. നടപ്പ് വർഷം PAT ( പ്രൊഡക്ഷൻ & ട്രെയിനിങ്) സ്ഥാപനങ്ങൾക്കായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള സംരംഭങ്ങൾക്ക് പുറമേ വിദ്യാർത്ഥികളുടെ പഠനവിഷയവുമായി ബന്ധപ്പെട്ട സ്ഥലത്തുള്ള സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിൽനൈപുണ്യ പരിശീലനവും പാർട്ട്ടൈം ജോലിയും നൽകാൻ കഴിഞ്ഞാൽ ഒരേ സമയം തന്നെ ഉന്നതപഠനവും തൊഴിൽ വൈദഗ്ധ്യവും നേടുന്നതിന് സാധിക്കുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഏൺ വൈൽ യു ലേൺ പദ്ധതി മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിനാണ് വകുപ്പ് ഉദ്ദേശിച്ചിട്ടുള്ളത്. കോളേജുകൾ ക്കുള്ളിലുള്ള തൊഴിലുകൾ കണ്ടെത്തി അത് നിർവഹിക്കുക, കോളേജുകളിൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി പുറത്തു വില്പന നടത്തുക അല്ലെങ്കിൽ സേവനങ്ങൾ പൊതുജനങ്ങൾക്കു നൽകുക. മൂന്നാം ഘട്ടത്തിലാണ് പാർട്ട് ടൈം ജോലി കണ്ടെത്തുന്നത് ഉൾപ്പെടുത്തിയിട്ടുള്ളത്. മൂന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ